# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4573 — 13/11/2019-ലെ മറുപടി

## കേരള ജല അതോറിറ്റി പുനഃസംഘടന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | കേരള ജല അതോറിറ്റി പുനഃസംഘടന നടത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച പഠനങ്ങൾക്കായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) കേരള വാട്ടർ അതോറിറ്റിയുടെ പുന:സംഘടനയെക്കുറിച്ച് പഠിക്കുന്നതിനായി 2011-ൽ ബംഗ്ലൂരുവിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ നിയോഗിച്ചിരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും ഫിനാൻഷ്യൽ റീ-എഞ്ചിനീയറിംഗ് സംബന്ധിച്ചും റിപ്പോർട്ടുകൾ തയ്യാറാക്കി നൽകുന്നതിനായിട്ടാണ് നിയോഗിച്ചിരുന്നത്.<br>ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ പറയുന്നു.<br>1. പദ്ധതികൾ നടപ്പാക്കുന്നത് പൂർണ്ണമായും പ്രോജക്റ്റ് ഡിവിഷനുകളുടെ കീഴിലാക്കുക.<br>2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിക്കുക.<br>3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറക്കുക.<br>4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.<br>5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുക. |

6. അറ്റകുറ്റപണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കുക.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തുക.

8. എല്ലാ ജല അതോറിറ്റി ഓഫീസുകളും കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുക.

9. കേരള വാട്ടർ അതോറിറ്റിയുടെ ഘടനാപരമായ ക്രമീകരണം, നയങ്ങളിലും നടപടി ക്രമങ്ങളിലും വരുത്തേണ്ട മാറ്റങ്ങൾ, ധനകാര്യസുസ്ഥിരത എന്നീ വിഷയങ്ങളാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

പ്രസ്തുത നിർദ്ദേശങ്ങളിൽ കേരള വാട്ടർ അതോറിറ്റി ഇതിനകം നടപ്പിലാക്കിയിട്ടുള്ളവ ചുവടെ പറയുന്നു.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃസേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. അറ്റകുറ്റപണികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലെയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

8. ജല അതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചു. കേന്ദ്രീകൃത ബില്ലിംഗ് (ഇ-അബാക്കസ്), ഇ-പേയ്മെന്റ് സംവിധാനം, കംപ്ലൈന്റ് റിഡ്രെസൽ സിസ്റ്റം, ഇ-ടെണ്ടറിംഗ് എന്നിവ നടപ്പിലാക്കി.

Renuka Sankar
സെക്ഷൻ ഓഫീസർ